"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ഉസ്മാൻ.പി.എ യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**G.O.(Rt)No.445/2020/LSGD** തീയതി,തിരുവനന്തപുരം, 22/02/2020

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ഉസ്മാൻ.പി.എ യുടെ ശൂന്യവേതനാവധിയപേക്ഷകൾ.

3 പഞ്ചായത്ത് ഡയറക്ടറുടെ 15.11.2018 ലെ ഇ6-5832/18, 08.05.2019

ലെ ഇ6-27052/18നമ്പർ കത്തുകൾ.

ഉത്തരവ്

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ഉസ്മാൻ.പി.എ യ്ക്ക് 06.02.2015 മുതൽ 12.06.2016 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(2) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ഉസ്മാൻ.പി.എ 18.09.2014 ൽ ആമീൻ തസ്തികയിൽ നിന്ന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 17.05.2017 ൽ മാതൃ വകുപ്പായ ജുഡീഷ്യൽ വകുപ്പിലേക്ക് തിരികെ പോകുകയും ജുഡീഷ്യൽ വകുപ്പിൽ തുടരവേ 19.11.2017 ൽ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 06.02.2015 മുതൽ 30.04.2015 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ഉസ്മാൻ.പി.എ യ്ക്ക് 06.02.2015 മുതൽ 02.06.2015 വരെ ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലും 03.06.2015 മുതൽ 12.06.2016 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം 1, ചട്ടം 88(iii) പ്രകാരം

മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയും ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEBA B
DEPUTY SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ചളവറ ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനകാര്യ വകുപ്പ്(22.10.2018 ലെ ധെവ1/240/2019 ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(308/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Dhanya M

സെക്ഷൻ ഓഫീസർ